**പ്ലാൻ റിവ്യൂമീറ്റിംഗിന്റെ ഭാഗമായി ശ്രീമതിഅമൃത. ജി.എസ്. (പ്രോഗ്രാംഓഫീസർ, എസ്.ഡി) ന്റെ അധ്യക്ഷതയിൽസോഷ്യൽഡവലപ്മെന്റ് ടീം അംഗങ്ങൾ20/08/2019 ന് ന് ഉച്ചയ്ക്കുശേഷം 2 മണിക്ക്കുടുംബശ്രീസംസ്ഥാന മിഷൻ ഓഫീസിൽവെച്ച്നടത്തിയഅവലോകന യോഗത്തിന്റെ മിനിറ്റ്സ്**

---

യോഗംഉച്ചയ്ക്ക് 2 മണിക്ക്ആരംഭിച്ചു. യോഗത്തിലെപ്രധാന നിരീക്ഷണങ്ങളുംഅഭിപ്രായങ്ങളുംചുവടെചേർക്കുന്നു.

# സാമൂഹ്യവികസനം

## ബഡ്സ് സ്പെഷ്യൽസ്കൂൾ/ബി.ആർ.സി.

- 200 ബഡ്സ് സ്പെഷ്യൽസ്കൂൾ/ബി.ആർ.സി. കൾക്ക് അനുമതി നൽകിയഉത്തരവിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ പലതുംഉത്തരവ് പ്രകാരമുള്ളസ്ഥാപനങ്ങളായല്ലആരംഭിച്ചിരിക്കുന്നത്. ആയതിനാൽഉത്തരവ് പ്രകാരംആരംഭിച്ച ബഡ്സ് സ്പെഷ്യൽസ്കൂൾ/ബി.ആർ.സി. സ്ഥാപനങ്ങളുടെകൃത്യമായഎണ്ണംഇപ്പോഴുംലഭ്യമല്ല. ആയത് ഉടൻ വ്യക്തതവരുത്തിസമർപ്പിക്കുന്നതിന് ജില്ലാമിഷനുകൾക്ക് നിർദ്ദേശം നൽകി.
- ബി.ആർ.സി.കളായിആരംഭിച്ച പലസ്ഥാപനങ്ങളും പിന്നീട് ബഡ്സ് സ്കൂൾആക്കിമാറ്റിയിട്ടുണ്ട്. കൂടുതൽ ആനുകൂല്യങ്ങൾലഭിക്കുന്ന തരത്തിൽസർക്കാർഉത്തരവുകൾഉള്ളത് ബഡ്സ് സ്കൂളുകൾക്കാണ്എന്നതാണ്ഇതിന്റെകാരണമായിജില്ലാമിഷനുകളിൽനിന്നുംലഭിക്കുന്ന വിവരം.മാത്രമല്ല,രക്ഷിതാക്കൾക്ക്കൂടുതൽതാൽപ്പര്യം ബി.ആർ.സി.കളോടാണെന്നുംഅവർഅഭിപ്രായപ്പെട്ടു. പലതദ്ദേശസ്വയംഭരണസ്ഥാപനങ്ങളുംസൗകര്യപ്രദമായകെട്ടിടംലഭിക്കാത്ത തിനാൽ ഫണ്ട് ചെലവഴിച്ചിട്ടില്ല. ടി ഫണ്ട് പഞ്ചായത്ത്കൗൺസിൽതീരുമാനത്തിന്റെഅടിസ്ഥാനത്തിൽജില്ലാമിഷനിൽ തിരിച്ചടയ്ക്കാമെന്ന നിർദ്ദേശംപ്രോഗ്രാംഓഫീസർനൽകി.
- സ്ഥാപനങ്ങളിൽ നിശ്ചയിക്കപ്പെട്ട യോഗ്യതയുള്ള അധ്യാപകരെലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് പലരുംഅഭിപ്രായപ്പെട്ടു. ജില്ലാ മിഷൻ തയ്യാറാക്കിയറാങ്ക്ലിസ്റ്റിൽനിന്ന് അധ്യാപകരെ നിയമിക്കാൻ പഞ്ചായത്ത്താൽപ്പര്യപ്പെടുന്നില്ലെന്നും,റാങ്ക്ലിസ്റ്റിലുള്ളവർതന്നെ പല കാരണങ്ങളാൽജോലിയിൽ പ്രവേശിക്കാൻ തയ്യാറാകാത്തത് അധ്യാപകനിയമനത്തിൽകാലതാമസംഉണ്ടാക്കുന്നുണ്ടെന്നുംചിലർഅഭിപ്രായപ്പെട്ടു. റാങ്ക്ലിസ്റ്റിൽനിന്ന് മുൻഗണനാ ക്രമത്തിൽകൂടുതൽ പേരെഅഭിമുഖം നടത്തിതയ്യാറുള്ളഉദ്യോഗാർത്ഥികളെതെരഞ്ഞെടുക്കണമെന്ന് പ്രോഗ്രാംഓഫീസർ നിർദ്ദേശം നൽകി.
- 2018–19 ൽ 12 .5 ലക്ഷം നൽകിയബഡ്സ് സ്ഥാപനങ്ങൾ എത്രയുംവേഗംആരംഭിക്കേണ്ടതാണ്. ഫണ്ട് പൂർണ്ണമായുംവിനിയോഗിച്ച്വിനിയോഗസാക്ഷ്യ പത്രംസംസ്ഥാന മിഷനിൽ എത്രയുംവേഗംഎത്തിക്കേണ്ടതാണെന്നും നിർദേശം നൽകി.
- പുതുതായി 100 ബഡ്സ് സ്പെഷ്യൽസ്കൂൾ/ബി.ആർ.സി.കൾആരംഭിക്കുന്നതിനുള്ളസർക്കാരിന്റെതീ

രുമാനത്തിന്റെഅടിസ്ഥാനത്തിൽ പുതിയസ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ളആവശ്യകതവേഗത്തിൽ പൂർത്തീകരിക്കണമെന്ന്പ്രോഗ്രാംഓഫീസർആവശ്യപ്പെട്ടു. പുതുതായി ബഡ്സ് സ്ഥാപനം ആരംഭിക്കുവാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളതദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നും ഡി.പി.ആർ&തദ്ദേശസ്വയം ഭരണസ്ഥാപന കമ്മറ്റി /കൗൺസിൽതീരുമാനവുംസെപ്റ്റംബർ 30 നു മുമ്പ് ശേഖരിച്ച്സംസ്ഥാന മിഷനിൽഎത്തിക്കേണ്ടതാണ്.

- പഴയഉത്തരവ് പ്രകാരം (2018-19 ൽ 12 .5 ലക്ഷം നൽകിയവ)ബഡ്സ് സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയുംഎന്നാൽ ഇനിയുംആരംഭിക്കാത്തതുമായസ്ഥാപനങ്ങളുടെസ്ഥാനത്ത് പുതിയഉത്തരവ് പ്രകാരമുള്ളസ്കൂളുകളെഉൾപ്പെടുത്താമോഎന്ന് പല ജില്ലകളിൽനിന്നുംസംശയംഉന്നയിക്കുകയുണ്ടായി.തദ്ദേശസ്വയംഭരണസ്ഥാപനകൗൺസിൽതീരുമാനത്തിന്റെഅടിസ്ഥാനത്തിൽനടപടികൾസ്വീകരിക്കാമെന്ന് നിർദ്ദേശം നൽകി.
- ബഡ്സ് സ്ഥാപനങ്ങൾക്ക്വാഹനം വാങ്ങുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽഉൾപ്പെടുത്തിയ ഫണ്ട് തൃശൂർജില്ലയിൽവിനിയോഗിച്ചിട്ടുണ്ടെന്ന്അറിയിച്ചതിനാൽ, ടിഉത്തരവ്ഭേദഗതിവരുത്തി 2019-20 ലേക്ക്വകയിരുത്തിയമേൽ ഫണ്ടിൽനിന്ന്തൃശൂർജില്ലയെഒഴിവാക്കേണ്ടതാണ്.

**ലൈവ്ലിഹുഡ്ആക്റ്റിവിറ്റികൾ**

- ലൈവ്ലിഹുഡ്ആക്റ്റിവിറ്റികൾ നടക്കുന്ന സ്ഥാപനങ്ങൾ എവിടെയൊക്കെയുണ്ട് എന്ന കാര്യത്തിലും പ്രധാന ഉൽപ്പന്നങ്ങൾ എന്തൊക്കെയാണ് എന്ന കാര്യത്തിലുംഅവ്യക്തതയുള്ളത് പരിഹരിക്കപ്പെടേണ്ടതാണ്. ഇതിന്റെപ്രർത്തനം ഇനിയുംവിപുലീകരിക്കേണ്ടതുണ്ട്.
- ബഡ്സ് സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്ന ലൈവിലിഹുഡ്ആക്ടിവിറ്റികൾതരംതിരിച്ചുലിസ്റ്റ്സംസ്ഥാന മിഷനിൽ നൽകണമെന്ന നിർദേശം നൽകി.

**വെബ്മോണിറ്ററിംഗ്**

- വെബ്ബിൽ അപ്ലോഡ്ചെയ്യുന്ന വിവരങ്ങളിൽഗുരുതരമായതെറ്റുകൾവരുത്തുന്നത്ഒഴിവാക്കുന്നതിന് കർശനമായ നിർദ്ദേശംജില്ലകൾക്ക്നൽകി.

- ബഡ്സ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 2020-21 സാമ്പത്തിക വർഷത്തിൽവാർഷിക പദ്ധതിയിൽ ഉപ്പെടുത്തുവാൻ ജില്ലകൾ നൽകിയആശയങ്ങൾതാഴെചേർക്കുന്നു.

1. Early Intervention Centre കൾ ആരംഭിക്കണം.
2. 5-6 വയസ്സിന് താഴെയുള്ളകുട്ടികളിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെക്കൂടികണ്ടെത്തിഉൾപ്പെടുത്തണം.

3. പ്ലേസ്മെന്റ്സെന്ററുകൾആരംഭിക്കണം. കുട്ടികൾക്കെങ്കിലുംഒരുവർഷത്തിൽസുരക്ഷിതമായതൊഴിൽലഭ്യമാക്കുന്നതിന് സാധിക്കുന്ന തരത്തിൽഇവ പ്രവർത്തിക്കണം.
4. ബഡ്സ് സ്ഥാപനങ്ങൾക്ക്അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് അനുവദിക്കണം.
5. മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളോട് അനുയോജ്യമായരീതിയിൽ ഇടപഴകുന്നതിന് രക്ഷിതാക്കൾക്കുകൂടി പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

# <u>അഗതിരഹിതകേരളം</u>

- DPR Approval Status 98% പൂർത്തീകരിച്ചിട്ടുണ്ട്. 2019 ജൂണിന് ശേഷംഅഗതിരഹിതകേരളം ഫണ്ട് അനുവദിച്ച്ഉത്തരവ്ലഭിച്ചവർ2019 ആഗസ്റ്റ് 30 ന് ഉള്ളിൽതന്നെ ബാങ്ക്അക്കൗണ്ട്വിവരങ്ങൾസംസ്ഥാന മിഷനിൽലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകി.
- ഇനിയുംജില്ലകളിൽഅവശേഷിക്കുന്ന അഗതിരഹിതകേരളംഡി.പി.ആറുകൾരണ്ടാംക്വാർട്ടറിൽതന്നെ പൂർത്തിയാക്കുന്നതിനുള്ള നിർദേശം നൽകി.
- എ.എ.വൈ. കാർഡുമായി ബന്ധപ്പെട്ട് പലജില്ലകളുംകൃത്യമായിവിവരങ്ങൾ അപ്ഡേറ്റ്ചെയ്തിട്ടില്ല. (തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കാസറഗോഡ്). മേൽജില്ലകൾഒരാഴ്ചക്കുള്ളിൽ അവ സംസ്ഥാന മിഷനിൽസമർപ്പിക്കണമെന്ന് നിർദേശം നൽകി.
- പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിക്കാതെകിടക്കുന്ന പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് അധികാരികളിൽനിന്ന്തടസ്സവാദങ്ങൾഉണ്ടാകുന്നത്ചിലർസൂചിപ്പിച്ചു. എന്നാൽ, ആ വിഷയത്തിൽഅവ്യക്തതകൾക്ക്അടിസ്ഥാനമില്ലെന്ന് പ്രോഗ്രാംഓഫീസർഅറിയിച്ചു.
- ഗുണഭോക്താക്കളുടെലിസ്റ്റിൽ ധാരാളം അപാകതകൾകാണുന്നുണ്ട്. ഗുണഭോക്താക്കളെകണ്ടെത്തുന്നതിനുള്ളസർവ്വേആപ്പിൽഏജന്റ്ലോഗിൻ പലരുംDeactivateചെയ്യാത്തതിനാലാണ്ഡാറ്റാ അപ്ഡേഷനിൽതെറ്റുകൾവരുന്നത്. ആയത് പരിഹരിക്കുന്നതിന് സർവ്വേആപ്പിൽഏജന്റ് ലോഗിൻDeactivateചെയ്യേണ്ട താണെന്ന് പ്രോഗ്രാംഓഫീസർനിർദ്ദേശം നൽകി.
- ഗുണഭോക്താക്കളെ പുതുതായിചേർക്കുന്ന കാര്യത്തിലുംഒഴിവാക്കുന്ന കാര്യത്തിലുമുള്ളസംശയങ്ങൾദൂരീകരിച്ചു.
- ഭക്ഷണ കിറ്റ്തയ്യാറാക്കുന്നതുംവിതരണംചെയ്യുന്നതുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ, പ്രായോഗിക നിർദ്ദേശങ്ങൾഎന്നിവ പങ്കുവെച്ചു. ഭക്ഷണസാധനങ്ങളുടെലഭ്യത, വിലയിലെവ്യതിയാനങ്ങൾ, ബിൽസെറ്റിൽമെന്റ്എന്നിവയിൽ പലവിധത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ടെന്ന്അഭിപ്രായപ്പെട്ടു.

**ലൈഫ് മിഷൻ**

- 7 ജില്ലകളിൽനിന്ന്ഗുണഭോക്താക്കളുടെവിവരങ്ങൾകൃത്യമായിലഭിച്ചിട്ടില്ല. മേൽജില്ലകൾഒരാഴ്ചക്കുള്ളിൽ അവ സംസ്ഥാന മിഷനിൽസമർപ്പിക്കണമെന്ന് നിർദേശം നൽകി.

**സ്കിൽഡെവലപ്മെന്റ്& സപ്പോർട്ട് ഗ്രൂപ്പ്**

- കുട്ടികൾക്ക് ട്യൂഷൻ ലഭ്യമാക്കുന്നതിന് ട്യൂഷൻ സെന്ററുകളുമായി ബന്ധപ്പെട്ട് ധാരണയിലെത്തുകയുംതെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കക്ക് ട്യൂഷൻ ലഭ്യമാക്കുന്നുണ്ടെന്നുംചിലജില്ലകളിൽ നിന്ന്അറിയിച്ചു.
- മുൻ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കമ്പ്യൂട്ടർ പർച്ചേസ് ഫണ്ട് ഇപ്പോൾവിനിയോഗിക്കുന്നതിന് നടപടിസ്വീകരിക്കണമെന്ന്ജില്ലകളിൽനിന്ന്ആവശ്യപ്പെട്ടു. ഈ വിഷയത്തിൽഫണ്ട് Reallocateചെയ്യുന്നതിന് ഡി.എം.സി.മാർക്ക്ഉത്തരവ് നൽകുന്നതാണ്എന്ന് പ്രോഗ്രാംഓഫീസർഅറിയിച്ചു.
- ഡി.ഡി.പി. ജില്ലാതലഅവലോകനയോഗത്തിൽലൈഫ് മിഷൻ ഗുണഭോക്താക്കളുടെവിഷയംഅവതരിപ്പിക്കുന്നത് നടപടിക്രമങ്ങൾവേഗത്തിലാക്കുന്നതിന് സഹായകമാകും.ആയത് നടപ്പിൽവരുത്തുമെന്ന്അറിയിച്ചു.

# <u>ബാലസഭ</u>

- ബാലസഭകളുടെരജിസ്ട്രേഷൻ ഇനിയും പുതുക്കാൻ ബാക്കിയുള്ളത് എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകി. ഏപ്രിൽ–മെയ്മാസത്തോടുകൂടിഡാറ്റാ അപ്ഡേഷൻ പൂർത്തീകരിക്കേണ്ടതാണെന്നുംഅറിയിച്ചു.
- പെൻസിൽ ക്യാമ്പയിനുമായി ബന്ധപ്പെട്ട് എല്ലാജില്ലകളിൽനിന്നുംവ്യാപകമായ പരാതികൾഉയർന്നു. പ്രോഗ്രാം നടത്തേണ്ടത്കുടുംബശ്രീയുടെ മാത്രം ബാധ്യതയാക്കിമാറ്റിയെന്നും, ഫണ്ട് അനുവദിച്ചുതരുന്നതിൽകാലതാമസംവരുത്തുന്നുവെന്നുംഅഭിപ്രായപ്പെട്ടു. പഞ്ചായത്ത്തലത്തിൽസെക്രട്ടറിമാർ പദ്ധതി ഏറ്റെടുത്തില്ല. ഈ സാഹചര്യത്തിൽസ്റ്റേറ്റ്ലെവൽ ആർ.പി. മാരുടെയോഗം വിളിക്കുമ്പോൾ ഡി.എം.സി/എ.ഡി.എം.സി./ബി.സി. എന്നിവരെക്കൂടിഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് പ്രോഗ്രാംഓഫീസർഅഭിപ്രായപ്പെട്ടു.

**ബാലസംഗമം**

- ഹോളിസ്റ്റിക് പ്രോഗ്രാമിൽകൂടുതൽഊന്നൽവേണമെന്ന്പ്രോഗ്രാംഓഫീസർആവശ്യപ്പെട്ടു . കുട്ടികൾക്കായിവിവിധ പ്രവർത്തനങ്ങൾ കണ്ടെത്തണമെന്ന ചർച്ചയിൽതൃശൂർസംഗീത നാടകഅക്കാദമികുട്ടികൾക്കായി നാടകക്കളരി നടത്തിസർട്ടിഫിക്കറ്റ് നൽകുന്ന പ്രവർത്തനം ബാലസഭയിലെകുട്ടികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്ന ആശയംആലപ്പുഴ എ.ഡി.എം.സി അഭിപ്രായപ്പെട്ടു.

**ബാല ലൈബ്രറി**

- പല പഞ്ചായത്തുകളിലുംലൈബ്രറിയ്ക്കാവശ്യമായ പുസ്തകങ്ങൾലഭിച്ചിട്ടുണ്ടെങ്കിലും അവ സൂക്ഷിക്കുന്നതിനും വിതരണംചെയ്യുന്നതിനും സൗകര്യപ്രദമായരീതിയിൽസ്ഥലസൗകര്യം, അലമാരകൾഎന്നിവലഭ്യമല്ലാത്തതിനാൽ പ്രവർത്തനരഹിതമായഅവസ്ഥയിലാണുള്ളത്എന്ന്പലരുംഅഭിപ്രായപ്പെട്ടു.
- കുട്ടികളിൽവായനാശീലംവളർത്തുന്നതിനായിവായനാ മത്സരം, പുസ്തകനിരൂപണംഎന്നിവ നടത്താവുന്നതാണെന്ന് നിർദ്ദേശംവന്നു.

**സ്കിൽഡവലപ്മെന്റ്**

- ഭൂരിഭാഗംജില്ലകളിലുംസ്കിൽഡവലപ്മെന്റ് പ്രോഗ്രാംകാര്യക്ഷമമായി നടക്കുന്നില്ല. ഈ പ്രവർത്തനത്തിന് കൂടുതൽഊന്നൽ നൽകണമെന്ന് പ്രോഗ്രാംഓഫീസർ നിർദ്ദേശിച്ചു.

**ശാസ്ത്രോത്സവം**

- ശാസ്ത്രോത്സവംവിജയകരമായിസംഘടിപ്പിക്കുന്നതിന് ഏറ്റെടുക്കേണ്ട പ്രവർത്തനത്തെ കുറിച്ച്ചർച്ച നടന്നു. 27 ലക്ഷംരൂപയാണ്ആകെവകയിരുത്തിയ ഫണ്ട്.
- വാർഡ്തലത്തിൽചോദ്യാവലി നൽകിയോമറ്റോകുട്ടികളെതെരെഞ്ഞെടുക്കുകയും പ്രോഗ്രാം നടത്തിപ്പ്സി.ഡി.എസ്./ജില്ലാ/സംസ്ഥാന തലങ്ങളിലേക്ക് പരിമിതപ്പെടുത്തുകയുംചെയ്യുകയാണെങ്കിൽകുറഞ്ഞ ഫണ്ടു കൊണ്ടുതന്നെ പ്രോഗ്രാം ഭംഗിയായിസംഘടിപ്പിക്കാമെന്നും അഭിപ്രായപ്പെട്ടു.
- പ്രോഗ്രാമിന്റെമോഡ്യൂൾകൃത്യമായിതയ്യാറാക്കണമെന്നും, ട്രെയിനിംഗിന് മുന്നോടിയായിവ്യക്തമായസ്റ്റഡിമെറ്റീരിയൽഉണ്ടാകണമെന്നുംആവശ്യപ്പെട്ടു. മൊഡ്യൂൾ&മെറ്റീരിയൽതയ്യാറാക്കുന്നതിന് ഒരുസംസ്ഥാന തലശിൽപ്പശാലസപ്റ്റെംബർആദ്യവാരംസംസ്ഥന മിഷനിൽവെച്ച് ചേരുവാൻ തീരുമാനിച്ചു.
- 2019 നവംബർ, ഡിസംബർമാസങ്ങളിലായിപ്രോഗ്രാം പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചു.

യോഗംരാത്രി8മണിക്ക്അവസാനിച്ചു.

പ്രോഗ്രാംഓഫീസർ (എസ്.ഡി)

കുടുംബശ്രീസ്റ്റേറ്റ് മിഷൻ